**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1701          03.05.2017-ൽ മറുപടിയ്ക്ക്

**ഡോക്ടറൽ ബിരുദ പ്രോഗ്രാമായ ഫാം.ഡി. കോഴ്സ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. കൃഷ്ണൻകുട്ടി** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാർ അംഗീകാരമുള്ള ഡോക്ടറൽ ബിരുദ പ്രോഗ്രാമായ ഫാം.ഡി. എവിടെയൊക്കെയാണ് നിലവിലുള്ളത്; ഈ കോഴ്സിന് ആകെയെത്ര സീറ്റുകളുണ്ട്; എത്രവർഷമാണ് ഇതിന്റെ കാലാവധി; ഈ കോഴ്സിന്റെ പരിശീലനവും ക്ലാസ്സ് റ്റും സിലബസ്സും എപ്രകാരമാണ്;; ഈ കോഴ്സിന് സർക്കാരിന്റെ നിയന്ത്രണം എത്രമാത്രമാണ് ; | (എ) | 16 സ്വാശ്രയ കോളേജുകളിൽ (കോളേജുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്) പ്രസ്തുത കോളേജുകളിൽ ഓരോന്നിലും 30 സീറ്റുകൾ വീതം ആകെ 480 സീറ്റുകളാണുള്ളത്.<br>1 വർഷത്തെ ഇന്റേൺഷിപ്പ് ഉൾപ്പെടെ ആകെ 6 വർഷമാണ് കോഴ്സിന്റെ കാലാവധി.<br>ഫാം-ഡി കോഴ്സിന്റെ പരിശീലനവും ക്ലാസ്സ് റ്റും സിലബസ്സും ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ റഗുലേഷൻ അനുസരിച്ചുള്ള സിലബസ്/കരിക്കുലം, കേരള ആരോഗ്യശാസ്ത്രസർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽട്ടി ഓഫ് ഫാർമസി, അക്കാദമിക് കൗൺസിൽ എന്നിവയുടെ അംഗീകാരത്തോടുകൂടിയാണ് നടപ്പിലാക്കിയിട്ടുള്ളത്.<br>'ഫാർമസി കൗൺസിൽ റഗുലേഷൻ' നിയമമനുസരിച്ച് പ്രസ്തുതകോഴ്സുകൾ തുടങ്ങുവാനുള്ള നിരാക്ഷേപസാക്ഷ്യപത്രം സർക്കാർ ആണ് നൽകുന്നത്. സർക്കാർ കോളേജുകളിൽ ഫാം-ഡി കോഴ്സ് നടത്തുന്നില്ല. |
| (ബി) | ഈ കോഴ്സിന്റെ ഇന്റേൺഷിപ് ഏതുരീതിയിലാണ് ആസൂത്രണം ചെയ്തിരിയ്ക്കുന്നത്; ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇത് നടത്തുന്നത്; | (ബി) | ഫാം-ഡിയുടെ സിലബസ് അനുസരിച്ച് 12 മാസത്തെ ഇന്റേൺഷിപ്പിൽ ഏതെങ്കിലും ആശുപത്രിയിൽ മെഡിസിൻ വിഭാഗത്തിൽ 6 മാസത്തെ ഇന്റേൺഷിപ്പും ബാക്കി 6 മാസം താഴെ പറയുന്ന വിഭാഗത്തിൽ ഏതെങ്കിലും 3 എണ്ണത്തിൽ 2 മാസം വീതമുള്ള ഇന്റേൺഷിപ്പും<br>• സർജറി<br>• ഗൈനക്കോളജി |

| | | | |
|---|---|---|---|
| | | | • ഓർത്തോപീഡിക്സ്<br>• സൈക്കിയാട്രി<br>• അനസ്തേഷ്യോളജി<br>• ഡേർമറ്റോളജി<br>ഇന്റേൺഷിപ് നടത്തുന്നതിന് 300 കിടക്കകളുള്ള ആശുപത്രി ആയിരിക്കണം. അതിൽ 120 കിടക്കകൾ മെഡിസിൻ വിഭാഗത്തിന് മാത്രമായിരിക്കുകയും വേണം. കൂടാതെ പ്രസ്തുത ആശുപത്രിയുമായി ഫാം-ഡി കോഴ്സ് നടത്തുന്ന സ്ഥാപനം 15 കൊല്ലത്തെ M.O.U. ഒപ്പു വച്ചിരിക്കുകയും വേണം. ഫാം-ഡി കോഴ്സ് നടത്തുന്ന 16 സ്ഥാപനങ്ങളിൽ താഴെപറയുന്ന 3 എണ്ണത്തിൽ മാത്രമേ വിദ്യാർത്ഥികൾ ഇന്റേൺഷിപ്പിൽ പ്രവേശിച്ചിട്ടുള്ളൂ.<br>• അൽ-ഷിഫ കോളേജ് ഓഫ് ഫാർമസി, പെരിന്തൽമണ്ണ, മലപ്പുറം<br>• നാഷണൽ കോളേജ് ഓഫ് ഫാർമസി, കോഴിക്കോട്<br>• ശ്രീ കൃഷ്ണ കോളേജ് ഓഫ് ഫാർമസി, പാറശ്ശാല, തിരുവനന്തപുരം |
| (സി) | ഈ കോഴ്സിന്റെ ഹൗസ് സർജൻസി സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും നടത്തിയാൽ അവിടങ്ങളിലെ ആൾക്ഷാമത്തിന് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാനുദ്ദേശിയ്ക്കുന്നു? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ഫാം-ഡി കോഴ്സ് നടത്തുന്ന കോളേജുകൾ

| ക്രമ നമ്പർ | കോളേജിന്റെ പേര് |
|---|---|
| 1 | അക്കാദമി ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ |
| 2 | അൽ-ഷിഫാ കോളേജ് ഓഫ് ഫാർമസി, പെരിന്തൽമണ്ണ, മലപ്പുറം |
| 3 | ദേവകി അമ്മ മെമ്മോറിയൽ കോളേജ് ഓഫ് ഫാർമസി, മലപ്പുറം |
| 4 | ഗ്രേസ് കോളേജ് ഓഫ് ഫാർമസി, പാലക്കാട് |
| 5 | നാഷണൽ കോളേജ് ഓഫ് ഫാർമസി, കോഴിക്കോട് |
| 6 | നെഹ്റു കോളേജ് ഓഫ് ഫാർമസി, പാലക്കാട് |
| 7 | ശ്രീ കൃഷ്ണ കോളേജ് ഓഫ് ഫാർമസി & റിസർച്ച് സെന്റർ, പാറശ്ശാല, തിരുവനന്തപുരം |
| 8 | സെന്റ്. ജെയിംസ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, ചാലക്കുടി |
| 9 | ദി ഡെയ്ൽ വ്യൂ കോളേജ് ഓഫ് ഫാർമസി & റിസർച്ച്, തിരുവനന്തപുരം |
| 10 | ക്രസെന്റ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, കണ്ണൂർ |
| 11 | നസറത്ത് കോളേജ് ഓഫ് ഫാർമസി, ഒതേറ, തിരുവല്ല |
| 12 | നിർമല കോളേജ് ഓഫ് ഫാർമസി, മൂവാറ്റുപുഴ |
| 13 | പുഷ്പഗിരി കോളേജ് ഓഫ് ഫാർമസി, തിരുവല്ല |
| 14 | സെന്റ് ജോസഫ് കോളേജ് ഓഫ് ഫാർമസി, ചേർത്തല |
| 15 | എഴുത്തച്ഛൻ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, തിരുവനന്തപുരം |
| 16 | കെ.വി.എം. കോളേജ് ഓഫ് ഫാർമസി, ആലപ്പുഴ |

സെക്ഷൻ ഓഫീസർ